**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-2021)

## മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്

(2019 ഫെബ്രുവരി മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014) യുടെ 23-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്

(2019 ഫെബ്രുവരി മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014) യുടെ 23-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

289/2019.

<u>ഉള്ളടക്കം</u>


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 50 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)
## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി എ. അഹമ്മദ് കബീർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021)യുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2011-2014)യുടെ 23-ാമത് റിപ്പോർട്ട് (മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്)-ലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2019 ഫെബ്രുവരി 4-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2019 ഫെബ്രുവരി 7.

# റിപ്പോർട്ട്

## അദ്ധ്യായം 1

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ 23-ാമത് റിപ്പോർട്ട് (ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04 മുതൽ 2004-05 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്)-ലെ ശിപാർശ കളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ 23-ാമത് റിപ്പോർട്ട് 2014 ജനുവരി 23-ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ ആകെ 64 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി 26-07-2017-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയുണ്ടായി.

1.3 റിപ്പോർട്ടിലെ 34, 35, 36, 37, 38, 39, 49, 50, 51, 52, 58, 59, 82, 83, 84, 109, 110, 111, 118, 119, 126, 142, 143, 179, 180, 200, 201 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സമിതി തുടർ ശിപാർശ നിർദ്ദേശിക്കുകയുണ്ടായി.

1.4 സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി, സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നുള്ള സൂക്ഷ്മപരിശോധനാ കുറിപ്പ്, തുടർ ശിപാർശകൾ എന്നിവ അദ്ധ്യായം 2-ൽ ചേർത്തിരിക്കുന്നു.

1.5 സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളും സർക്കാർ മറുപടികളും അദ്ധ്യായം 3-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

അദ്ധ്യായം 2

## ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നുള്ള സൂക്ഷ്മപരിശോധനാ റിപ്പോർട്ടും തുടർ ശിപാർശയും

ഖണ്ഡിക നമ്പർ 34, 35, 36, 37, 38, 39

ഖണ്ഡിക നമ്പർ.34

### ശിപാർശ

2.1.1 മരാമത്ത് വേലകൾക്കായി 258 ബാരൽ ടാർ വാങ്ങാൻ ഭാരത് പെട്രോളിയം കോർപ്പറേഷനിൽ 3,25,638 രൂപ അടച്ചിട്ട് 240 ബാരൽ ടാർ മാത്രമേ പഞ്ചായത്തിൽ ലഭിച്ചുള്ളുവെന്നും ആ ഇനത്തിൽ 18 ബാരലിന് അടച്ച തുകയായ 22,719 രൂപ നിരാകരിക്കുന്ന, ഓഡിറ്റ് പരാമർശത്തിൽ അവ്യക്തത നിലനിൽക്കുന്നുവെന്ന് സമിതി നിരീക്ഷിച്ചു. 258 ബാരൽ ടാർ വാങ്ങുന്നതിന് ഭാരത് പെട്രോളിയം കോർപ്പറേഷനിൽ അടച്ച തുക കണക്കാക്കിയാണ് നഷ്ടത്തുക നിശ്ചയിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ടാർ വാങ്ങിയപ്പോഴുള്ള യഥാർത്ഥ വില സംബന്ധിച്ച ഇൻവോയിസോ ബില്ലോ അനുബന്ധ രേഖകളോ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ യഥാർത്ഥ നഷ്ടം എത്രയെന്ന് നിശ്ചയിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ലായെന്നാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ സമഗ്രമായി കാര്യങ്ങൾ വിശകലനം ചെയ്യുവേണം ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടിയിരുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.2 1994-ന് ശേഷം പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസ് 2 തവണ സ്ഥലംമാറ്റിയതിനാലും ബി.പി.സി.എൽ.-ൽ നിന്നും ടാർ വാങ്ങിയത് സംബന്ധിച്ച ഇൻവോയിസിന്റെ പകർപ്പ് ലഭ്യമാകാതിരുന്നതിനാലുമാണ് പ്രസ്തുത ഇൻവോയിസ് പ്രാദേശിക പരിശോധനാ വേളയിൽ ഹാജരാക്കാൻ കഴിയാതിരുന്നത്.

### സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.1.3 മരാമത്ത് വേലകൾക്കായി 258 ബാരൽ ടാർ വാങ്ങാൻ ഭാരത് പെട്രോളിയം കോർപ്പറേഷനിൽ 3,25,638 രൂപ അടച്ചിട്ട് 240 ബാരൽ ടാർ മാത്രമാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത് എന്നതായിരുന്നു ഓഡിറ്റ് പരാമർശം. ബാക്കി 18 ബാരൽ ടാർ പഞ്ചായത്തിന് ലഭിച്ചതായി യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. മാത്രമല്ല 18 ബാരൽ ടാറിന്റെ പണം ഓഡിറ്റ് സമയത്ത് പഞ്ചായത്തിന് തിരികെ ലഭിക്കുകയും ചെയ്തിരുന്നില്ല. വാങ്ങിയ ടാർ സ്റ്റോക്കിലെടുത്തതിന്റെ വിവരമോ യഥാർത്ഥ ഇൻവോയിസോ നാളിതുവരെയും ഗ്രാമപഞ്ചായത്ത് ഹാജരാക്കിയിട്ടില്ല. ടാർ വാങ്ങിയപ്പോഴുള്ള യഥാർത്ഥ

വില നിശ്ചയിക്കുന്നതിന് ടാറിന്റെ ഇൻവോയ്സോ ബില്ലോ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിന്റെ കൈവശം ടി രേഖകൾ ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിന് ലഭിക്കാതിരുന്ന 18 ബാരൽ ടാറിന്റെ വില നൽകിയത് മൂലമുള്ള നഷ്ടം ഭാരത് പെട്രോളിയം കോർപ്പറേഷന് നൽകിയ തുകയുടെ അടിസ്ഥാനത്തിലാണ് കണക്കാക്കിയത്.

$$\left(\frac{325638 \times 18}{258} = 22719\right)$$

ആയതിനാൽ 258 ബാരൽ ടാറിന് വേണ്ടി പഞ്ചായത്ത് യഥാർത്ഥത്തിൽ ചെലവഴിച്ച തുകയുടെ അടിസ്ഥാനത്തിൽ മാത്രം ഓഡിറ്റ് സമയത്ത് മേൽ പരാമർശിച്ച പ്രകാരം നഷ്ടം നിജപ്പെടുത്തിയതാണെന്നും, സമഗ്രമായി കാര്യങ്ങൾ വിശകലനം ചെയ്ത് നഷ്ടം കണക്കാക്കാതിരുന്നത് ചെലവിന് ആധാരമായ രേഖകളുടെ അഭാവംമൂലമാണെന്നും അറിയിക്കുന്നു. മേലിൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ബഹു. സമിതിയുടെ നിർദ്ദേശം കർശനമായി പാലിക്കുന്നതാണെന്നും അറിയിക്കുന്നു. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 30(1)-ൽ ഭാരത് പെട്രോളിയം കോർപ്പറേഷന്റെ വിശദമായ ബില്ലുകൾ ഹാജരാക്കാത്തതിനാൽ യഥാർത്ഥ വില തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്ന് വ്യക്തമായി പരാമർശിച്ചിട്ടുണ്ട് എന്ന വസ്തുത കൂടി ബഹു. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>ഖണ്ഡിക നമ്പർ 35</u>

**ശിപാർശ**

2.1.4 ടാർ സപ്ലൈ ചെയ്ത സമയത്തെ ബന്ധപ്പെട്ട സെക്രട്ടറി, രേഖകൾ കൃത്യമായി സൂക്ഷിക്കുകയും അവ ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കുകയില്ലായിരുന്നുവെന്ന് സമിതിക്ക് ബോധ്യമാകുന്നു. പണം അടച്ച സമയത്തെ ടാർ വിലയും ടാർ ഇഷ്യൂ ചെയ്ത സമയത്തെ ടാർ വിലയും തമ്മിൽ വ്യത്യാസം വന്നതുകൊണ്ടാണോ 18 ബാരൽ സപ്ലൈ ചെയ്യാതിരുന്നതെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ശരിയായി പരിശോധിക്കേണ്ടിയിരുന്നുവെന്നും പദ്ധതിപ്പണം വകുപ്പുകൾ ചെലവഴിക്കുന്നത് ശരിയായ രീതിയിലാണോയെന്നും പാളിച്ചകളുണ്ടെങ്കിൽ ഏതു വിധത്തിൽ എന്നൊക്കെ പരിശോധന നടത്തി വേണം റിപ്പോർട്ട് തയ്യാറാക്കേണ്ടതെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.1.5 1996-ന് ശേഷം പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസ് 2 തവണ സ്ഥലംമാറ്റിയതിനാലും BPCL-ൽ നിന്നും ടാർ വാങ്ങിയത് സംബന്ധിച്ച ഇൻവോയ്സിന്റെ പകർപ്പ് ലഭ്യമാകാതിരുന്നതിനാലുമാണ് പ്രസ്തുത ഇൻവോയ്സ് പ്രദേശിക പരിശോധനാ വേളയിൽ ഹാജരാക്കാൻ കഴിയാതിരുന്നത്.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.1.6 ടാർ വാങ്ങിയതും വിതരണം ചെയ്തതുമായ രേഖകൾ കൃത്യമായി സൂക്ഷിക്കുകയും അവ യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്യാത്തതാണ് ഈ ഓഡിറ്റ് പരാമർശത്തിന് കാരണമെന്ന് ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. പണം അടച്ച സമയത്തെ ടാർ വിലയും ടാർ ഇഷ്യൂ ചെയ്ത സമയത്തെ ടാർ വിലയും പരിശോധിക്കുന്നതിനാധാരമായ രേഖകൾ ഗ്രാമപഞ്ചായത്ത് ഹാജരാക്കാത്തതിനാൽ പരിശോധിക്കാനായില്ല. ഭാരത് പെട്രോളിയം കോർപ്പറേഷൻ 23-11-2010-ന് പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ, 31-12-1996-ന് ഗ്രാമപഞ്ചായത്ത് അടവാക്കിയ തുകയിൽ 22,192 രൂപ 9-4-2001-ലെ 100503-ാം നമ്പർ ഇൻവോയ്സ് പ്രകാരം ക്രമീകരിച്ചിട്ടുള്ള വിവരം അറിയിച്ചിരുന്നു. എന്നാൽ തുക ക്രമീകരിച്ച വിവരം കത്ത് മുഖേന അറിയിച്ചതല്ലാതെ യഥാർത്ഥ ഇൻവോയ്സ് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. ഇൻവോയ്സിന് പകരം പള്ളിക്കൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റാണ് ലഭിച്ചതെന്നും പ്രസ്തുത സ്റ്റേറ്റ്മെന്റ് പ്രകാരം പഞ്ചായത്തിന് ലഭിക്കാനുണ്ടായിരുന്ന 22,192 രൂപ ക്രമീകരിച്ചതായാണ് കാണുന്നതെന്നും ബാക്കിയുള്ള 527 രൂപ അടവാക്കുവാൻ 2-5-2016-ന് പെട്രോളിയം കമ്പനിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉടനെ അടവാക്കാമെന്ന് അറിയിച്ചിട്ടുള്ള വിവരവും 22-8-2016-ലെ എ 2-9317/2010 നമ്പർ കത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം ബഹു. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>ഖണ്ഡിക നമ്പർ 36</u>

**ശിപാർശ**

2.1.7 ഭാരത് പെട്രോളിയം കോർപ്പറേഷനിൽ സെക്രട്ടറി നേരിട്ടുപോയി ഇൻവോയ്സ് പരിശോധിച്ച് വിശദമായ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ യാതൊരു മറുപടിയും നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് സമിതിയോടുള്ള വകുപ്പിന്റെ കടുത്ത അവഗണനയായി സമിതി കരുതുന്നതായും സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കാത്തതിന് ഭരണവകുപ്പ് വിശദീകരണം നൽകണമെന്നും സമിതി ആവശ്യപ്പെടുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.1.8 ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്നും ടാർ വാങ്ങിയതു സംബന്ധിച്ച ഇൻവോയ്സ് ലഭിക്കുവാൻ 5-7-2013-ന് വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയതിന് മറുപടി ലഭിക്കാതിരുന്നതിനാൽ 26-4-2014-ന് പഞ്ചായ

ത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ. ഉണ്ണി.കെ. എന്നവർ ബി.പി.സി.എൽ.-ൽ നേരിട്ട പോയി വീണ്ടും അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്ന വിവരം ബോധിപ്പിക്കുന്നു.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.1.9 ഇൻവോയ്സിന്റെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് 5-7-2013, 26-4-2014 എന്നീ തീയതികളിൽ എ 2-9317/2010 നമ്പർ കത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭാരത് പെട്രോളിയം കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പകർപ്പ് ലഭ്യമായിട്ടില്ല.

<u>ഖണ്ഡിക നമ്പർ 37</u>

**ശിപാർശ**

2.1.10 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ മറുപടിയിൽ ഭാരത് പെട്രോളിയം കോർപ്പറേഷന്റെ 23-11-2010-ലെ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പേരിൽ 31-12-1996-ൽ നീക്കിയിരിപ്പുണ്ടായിരുന്ന 22,685 രൂപയിൽ 22,192 രൂപ 9-4-2001-ലെ ടാർ ഇൻവോയ്സ് പ്രകാരം ക്രമപ്പെടുത്തിയിരിക്കുന്നതായി അറിയിച്ചിട്ടുണ്ടെന്നും ആയത് പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്നും അറിയിച്ചിരിക്കുന്നു. ഇതേ മറുപടിയിൽതന്നെ തുക ക്രമപ്പെടുത്തിയതായി പറയുന്ന ടാർ ഇൻവോയ്സ്, ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ എന്നിവ 28-4-2011-ൽ നടത്തിയ പരിശോധനയിലും പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള റിപ്പോർട്ട് അടിയന്തരമായി നൽകുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു :

<u>(1)</u> ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ഭാരത് പെട്രോളിയം കോർപ്പറേഷന്റെ 23-11-2010-ലെ കത്ത് ആർക്കാണ് അയച്ചത്?

<u>(2)</u> പ്രസ്തുത കത്തിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ അഡ്ജസ്റ്റ് ചെയ്തതായി പരാമർശിച്ചിട്ടുള്ള 22,685 രൂപ ഓഡിറ്റ് ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന 18 ബാരൽ ടാറിന്റെ വിലയുള്ള തുക തന്നെയാണോ?

<u>(3)</u> 9-4-2001-ൽ ക്രമപ്പെടുത്തിയ തുകയുടെ ഇൻവോയ്സ് 28-4-2011-ലെ പ്രാദേശിക പരിശോധനാവേളയിലും ഓഡിറ്റിന് സമർപ്പിക്കുവാൻ സാധിക്കാത്തതിന്റെ കാരണം എന്താണ്?

**സർക്കാർ സ്വീകരിച്ച നടപടി**

2.1.11 1996-നുശേഷം പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസ് 2 പ്രാവശ്യം സ്ഥലം മാറിയിട്ടുണ്ട്. പ്രസ്തുത ഇൻവോയ്സ് ലഭ്യമാക്കുന്നതിന് 26-4-2014-ലും 5-7-2013-ലും ബി.പി.സി.എൽ.-ന് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടും ഇൻവോയ്സ് ലഭ്യമാക്കി യിട്ടില്ല. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്ന വിവരം ബോധിപ്പിക്കുന്നു.

(1) 23-11-2010-ലെ ഭാരത് പെട്രോളിയം കോർപ്പറേഷന്റെ CDIR Accounts Gp നമ്പർ കത്ത് പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കാണ് ലഭിച്ചത്.

(2) ടാർ വാങ്ങിയ ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ ലഭിക്കാനുണ്ടായിരുന്ന 18 ബാരൽ ടാറിന്റെ വില 22,685 രൂപയിൽ 22,192 രൂപ 9-4-2001-ലെ ഇൻവോയ്സ് നമ്പർ 100503 പ്രകാരം ക്രമീകരിച്ചിട്ടുണ്ടെന്ന വിവരം മേൽ കത്തിൽ ബി.പി.സി.എൽ. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

(3) 1996-നുശേഷം പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസ് 2 പ്രാവശ്യം സ്ഥലം മാറിയിട്ടുണ്ട്. ടാർ വാങ്ങിയതു സംബന്ധിച്ച ഇൻവോയ്സ് ലഭ്യമാക്കുന്നതിന് പഞ്ചായ ത്തിൽ പരിശോധന നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.1.12 ടാർ ഇൻവോയ്സ്, ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ എന്നിവ 3-5-2014-ലെ പ്രാദേശിക പരിശോധനാ വേളയിൽ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല.

(1) 23-11-2010-ലെ ഭാരത് പെട്രോളിയം കോർപ്പറേഷന്റെ CDIR Accounts Gp നമ്പർ കത്ത് പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തന്നെയാണ് അയച്ചിട്ടുള്ളത്.

(2) ടാർ വാങ്ങിയ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ടായിരുന്ന 18 ബാരൽ ടാറിന്റെ വില 22,685 രൂപയിൽ 22,192 രൂപ 9-4-2001-ലെ ഇൻവോയ്സ് നമ്പർ 100503 പ്രകാരം ക്രമീകരിച്ചിട്ടുണ്ടെന്ന വിവരം 23-11-2010-ലെ മേൽ കത്തിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

(3) പ്രസ്തുത ഇൻവോയ്സ് 3-5-2014-ലെ പ്രാദേശിക പരിശോധനാ സമയത്ത് ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

## ഖണ്ഡിക നമ്പർ 38

### ശിപാർശ

2.1.13 മേൽപ്പറഞ്ഞ കാര്യങ്ങൾ പരിശോധിച്ച് ഓഡിറ്റ് തടസ്സം നീക്കുവാനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടുള്ള മറുപടി അടിയന്തരമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.14 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 5-5-2014-ന് നടത്തിയ പ്രാദേശിക പരിശോധനാ സമയത്തും മേൽ ഇൻവോയ്സ് പരിശോധനക്ക് ലഭ്യമായിട്ടില്ല.

### സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2..1.15 പ്രസ്തുത ഇൻവോയ്സ് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

## ഖണ്ഡിക നമ്പർ 39

### ശിപാർശ

2.1.16 കമ്പനി ടാർ സപ്ലൈ ചെയ്ത ദിവസംതന്നെ അന്നത്തെ സെക്രട്ടറി സ്ഥലം മാറിപ്പോയെങ്കിലും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ റവന്യൂ റിക്കവറി നടപടിക്ക് ശിപാർശ ചെയ്തതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത നടപടി ഉചിതമല്ലാത്തതിനാൽ ആയത് അടിയന്തരമായി പിൻവലിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.17 റവന്യൂ റിക്കവറി പിൻവലിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 21-4-2014-ന് എ 2-9317/10 നമ്പർ കത്തിലൂടെ മലപ്പുറം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

### സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.1.18 ശ്രീ. വി. രാമചന്ദ്രൻ, സെക്രട്ടറിയുടെ പേരിൽ സ്വീകരിച്ചിരുന്ന റവന്യൂ റിക്കവറി നടപടി പിൻവലിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 21-4-2014-ന് എ 2-9317/10 നമ്പർ കത്ത് മുഖേന മലപ്പുറം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**തുടർ ശിപാർശ**

**2.1.19 പഞ്ചായത്തുകൾ സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകളും ഇൻവോയ്സുകളും കൃത്യമായി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 49, 50, 51, 52</u>

<u>ഖണ്ഡിക നമ്പർ 49</u>

**ശിപാർശ**

2.2.1 പദ്ധതി വിഹിതത്തിൽ നിന്നും 4,68,879 രൂപ ചെലവാക്കി അഗ്രോസർവ്വീസ് സെന്ററിനായി ട്രാക്ടർ, ട്രെയിലർ എന്നിവ വാങ്ങി യാതൊരു തുടർ പ്രവർത്തനങ്ങളും നടത്താതെ ഭീമമായ പാഴ്ചെലവുണ്ടാക്കിയതിന് പഞ്ചായത്ത് വകുപ്പും കൃഷി വകുപ്പും തുല്യ പങ്കാളികളാണെന്ന് സമിതി വിലയിരുത്തുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.2.2 കൃഷിയും അനുബന്ധ മേഖലാ കർമ്മ സമിതിയുടെയും ഗ്രാമസഭാ നിർദ്ദേശത്തിന്റേയും കർഷകരുടെ ആവശ്യവും പരിഗണിച്ചാണ് 1997-98 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാക്ടർ വാങ്ങിയത് എന്നും 2002 വരെ ട്രാക്ടർ പ്രവർത്തിപ്പിച്ച് വന്നിരുന്നു എന്നും തുടർന്നുള്ള വർഷങ്ങളിൽ കൃഷിയുമായി ബന്ധപ്പെട്ട ജോലികളിൽ ഉണ്ടായ ഗണ്യമായ കുറവുമൂലം ആവശ്യക്കാരില്ലാതെ വന്നതിനാലാണ് ട്രാക്ടർ ഉദ്ദേശിച്ച രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയാതിരുന്നത്.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.2.3 മുത്തേടം ഗ്രാമപഞ്ചായത്തിലെ കാട്ടിക്കല്ല് പാടശേഖര സമിതിക്ക് കൃഷി സംബന്ധമായ പ്രവൃത്തികൾക്ക് ഉപയോഗിക്കുവാൻ ഗ്രാമപഞ്ചായത്തിന്റെ 22-7-2011-ലെ 11-ാം നമ്പർ തീരുമാന പ്രകാരം ട്രാക്ടർ നൽകിയെങ്കിലും കുറച്ച് കാലത്തെ ഉപയോഗത്തിനുശേഷം ഗുരുതരമായ കേടുപാടുകൾ സംഭവിച്ചതിനാൽ തുടർന്ന് ഉപയോഗിക്കാൻ പറ്റാതെ വരികയും ചെയ്തു. ഭീമമായ റിപ്പയറിംഗ് ചെലവ് വരുമെന്നതിനാൽ പാടശേഖര സമിതി ട്രാക്ടർ ഗ്രാമപഞ്ചായത്തിന് തിരിച്ചേൽപ്പിക്കുകയാണുണ്ടായത്.

<u>ഖണ്ഡിക നമ്പർ 50</u>

**ശിപാർശ**

2.2.4 പതിമൂന്നു വർഷത്തിലേറെയായി ഇൻഷ്വറൻസും ടാക്സും പഞ്ചായത്തു ഫണ്ടിൽ നിന്നും അടയ്ക്കുന്ന സാഹചര്യത്തിലും ട്രാക്ടർ പ്രവർത്തിപ്പിക്കാൻ ബന്ധപ്പെട്ടവർ

ശ്രദ്ധിച്ചിട്ടില്ലെന്നത് സമിതി ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. കൂടാതെ ഓഡിറ്റ് ഒബ്ജക്ഷൻ ബന്ധപ്പെട്ട കൃഷി ഓഫീസറെ യഥാസമയം അറിയിക്കാതെയിരുന്ന പഞ്ചായത്തിന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.2.5 പ്രസ്തുത കാലയളവിൽ വളരെ നാമമാത്രമായ ജീവനക്കാർ മാത്രമാണ് മുത്തേടം ഗ്രാമപഞ്ചായത്തിലുണ്ടായിരുന്നത് എന്നതിനാൽ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചുവെന്നും ആയത് മാപ്പാക്കി തരണമെന്നും സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.2.6 സർക്കാർ സമർപ്പിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കാലയളവിൽ നാമമാത്രമായ ജീവനക്കാർ മാത്രമാണ് ഉണ്ടായിരുന്നത് എന്നതിനാൽ ഓഡിറ്റ് പരാമർശങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചു എന്നും ആയത് മാപ്പാക്കണമെന്നും അപേക്ഷിച്ചിരുന്നു. 2003 ഒക്ടോബർ മാസത്തെ ഹാജർ പട്ടിക പരിശോധിച്ചതിൽ ആകെയുള്ള 3 എൽ.ഡി.സി. തസ്തികകളിൽ 2 എണ്ണം ഒഴിഞ്ഞു കിടക്കുകയായിരുന്നു എന്ന് ബോധ്യപ്പെട്ടു.

**<u>ഖണ്ഡിക നമ്പർ 51</u>**

**ശിപാർശ**

2.2.7 ടാക്കൂർ പാടശേഖര സമിതികളെയോ അവരുടെ പ്രതിനിധികളെയോ രേഖാമൂലം ഏൽപ്പിച്ച് വർഷാവർഷം വരവു ചെലവു കണക്കുകൾ ബന്ധപ്പെട്ട കൃഷി ഓഫീസിൽ സമർപ്പിക്കുന്ന രീതിയാണ് ഇനി പ്രായോഗികമായിട്ടുള്ളതെന്ന് മുൻ കൃഷി ഓഫീസർ തെളിവെടുപ്പ് വേളയിൽ മുന്നോട്ടുവച്ച നിർദ്ദേശം അംഗീകരിച്ച സമിതി അടുത്ത ഭരണസമിതി യോഗത്തിൽ ഇക്കാര്യം അജണ്ട വച്ച് തീർപ്പാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് തെളിവെടുപ്പ് യോഗത്തിൽ സമിതി ആവശ്യപ്പെട്ടിട്ടും നാളിതുവരെ യാതൊരു മറുപടിയും ഭരണവകുപ്പിൽ നിന്ന് ഇതു സംബന്ധിച്ച് ലഭിച്ചിട്ടില്ല. ഭരണ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ഈ കൃത്യവിലോപത്തെ സമിതി ഗുരുതരമായ വീഴ്ചയായി കാണുന്നു. ആയതിനാൽ ഈ വിഷയത്തിൽ ഭരണ വകുപ്പിന്റെ അടിയന്തര ഇടപെടൽ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.2.8 നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 7-12-2010-ൽ ടാക്കൂർ പാടശേഖര സമിതിക്ക് കൈമാറുന്നതു സംബന്ധിച്ച് ഭരണ സമിതി യോഗത്തിൽ

അജണ്ട വെയ്ക്കുകയും 4-ാം നമ്പർ തീരുമാനപ്രകാരം ട്രാക്ടർ പാടശേഖര സമിതിക്ക് കൈമാറുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ മുത്തേടം ഗ്രാമപഞ്ചായത്തിലെ പാടശേഖര സമിതികളുടെ ഒരു യോഗം കൃഷി ഓഫീസർ വിളിച്ചു ചേർത്തുവെങ്കിലും ട്രാക്ടർ ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് തീരുമാനമാകാതെ പിരിയുകയും വീണ്ടും 4-5-2011-ന് പാടശേഖര സമിതിയുടെ യോഗം ചേരുകയും കാട്ടിക്കല്ല് പാടശേഖര സമിതി ട്രാക്ടർ ഏറ്റെടുക്കുവാൻ തയ്യാറായതിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫീസറുടെ ശിപാർശ പ്രകാരം ഭരണ സമിതിയുടെ 22-7-2011-ലെ 11-ാം നമ്പർ തീരുമാനപ്രകാരം പാടശേഖര സമിതിക്ക് കൈമാറുകയും ചെയ്തു. എന്നാൽ താമസംവിനാ ട്രാക്ടറിന് വീണ്ടും ഗുരുതരമായ കേടുപാടുകൾ സംഭവിച്ചതിനാൽ ഉപയോഗയോഗ്യമല്ലാതാവുകയും ട്രാക്ടർ ഉപയോഗത്തിന് വേണ്ടത്ര ആവശ്യക്കാർ ഇല്ലാത്തതിനാലും ഭീമമായ മെയിന്റനൻസ് ചാർജ്ജുമൂലം ട്രാക്ടർ നടത്തിപ്പ് തുടരാൻ കഴിയാത്തതിനാൽ പാടശേഖര സമിതി ട്രാക്ടർ കൃഷി ഓഫീസർക്ക് തിരിച്ച് ഏൽപ്പിക്കുകയാണുണ്ടായത്.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.2.9 മുത്തേടം ഗ്രാമപഞ്ചായത്തിന്റെ 22-7-2011-ലെ 11-ാം നമ്പർ തീരുമാന പ്രകാരം ട്രാക്ടർ കാട്ടിക്കല്ല് പാടശേഖര സമിതിയെ ഏൽപ്പിക്കുകയും കുറച്ച് കാലത്തെ ഉപയോഗത്തിനു ശേഷം ഗുരുതരമായ കേടുപാടുകൾ സംഭവിച്ചതിനാൽ പാടശേഖര സമിതി ട്രാക്ടർ ഗ്രാമപഞ്ചായത്തിനെ തിരിച്ചേൽപ്പിക്കുകയും ചെയ്തു.

<u>ഖണ്ഡിക നമ്പർ 52</u>

**ശിപാർശ**

2.2.10 നാല് ലക്ഷത്തിൽപ്പരം രൂപ ചെലവഴിക്കുകയും പതിമൂന്ന് വർഷത്തിലേറെയായി അഗ്രോസർവ്വീസ് സെന്റർ പ്രാവർത്തികമാക്കാതെയിരിക്കുകയും ചെയ്ത നടപടിയെ സമിതി അതിരൂക്ഷമായി വിമർശിക്കുകയും ട്രാക്ടർ പ്രവർത്തിപ്പിക്കുകയോ അതിനു കഴിയാത്ത പക്ഷം ലേലം ചെയ്തു വിൽക്കുകയോ ചെയ്യാനുള്ള സത്വര നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.2.11 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ സബ്ഡിവിഷൻ കോഴിക്കോട്-ൽ നിന്നും വാല്യേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി മുത്തേടം ഗ്രാമപഞ്ചായത്ത് കെ. എൽ. 10 ജി 8906 നമ്പർ ട്രാക്ടർ 1,03,000 രൂപക്ക് ലേലം ചെയ്ത് വിൽപ്പന നടത്തിയിട്ടുണ്ട്.

### സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.2.12 ഗുരുതരമായ കേടുപാടുകൾ സംഭവിച്ച ട്രാക്ടർ പ്രവർത്തനക്ഷമമാക്കുന്നതിന് വൻതുക ചെലവുവരുമെന്ന് ബോധ്യമായതിനാൽ മുത്തേടം ഗ്രാമപഞ്ചായത്ത് കെ. എൽ. 10 ജി/8906 നമ്പർ ട്രാക്ടർ 1,03,000 രൂപക്ക് ലേലം ചെയ്ത് വിൽപ്പന നടത്തി.

### തുടർ ശിപാർശ

2.2.13 പദ്ധതി വിഹിതത്തിൽ നിന്നും 4,68,879 രൂപ ചെലവാക്കി അഗ്രോ സർവ്വീസ് സെന്ററിനായി ട്രാക്ടറും ടില്ലറും വാങ്ങിയെങ്കിലും ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ പാടശേഖര സമിതികൾ അവ വാടക നൽകാതെ സ്വന്തം നിലയിൽ ഉപയോഗിക്കുകയും പ്രവർത്തനക്ഷമമല്ലാതാകുമ്പോൾ തിരിച്ച് പഞ്ചായത്തിനെ ഏൽപ്പിക്കുകയുമാണ് ചെയ്യുന്നതെന്നും വാടകയിനത്തിൽ പഞ്ചായത്തുകൾക്ക് പണമൊന്നും ലഭിക്കാറില്ലെന്നും പല പഞ്ചായത്തുകളും അവ പാടശേഖര സമിതികളുടെ ഉപയോഗത്തിനുശേഷം വിൽക്കുകയാണ് ചെയ്യുന്നതെന്നും സമിതി വിലയിരുത്തുന്നു. പഞ്ചായത്ത് പരിധിയിൽ കൃഷിയില്ലെങ്കിലും പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പണം ഉല്പാദന മേഖലയിൽ ചെലവഴിക്കുന്നതിനാണ് ഇപ്രകാരം പർച്ചേസ് നടത്തുന്നതെന്നും അതിനുപകരം ആ പണം കൃഷിക്കാരന് സബ്സിഡിയായി നൽകുകയാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ട്രാക്ടർ, ടില്ലർ തുടങ്ങിയവ വാങ്ങുമ്പോൾ അവ ഉപയോഗപ്രദമാണോ എന്ന് പരിശോധിച്ചതിനുശേഷം മാത്രമേ വാങ്ങാവൂയെന്ന് പഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഖണ്ഡിക നമ്പർ 58, 59</u>

<u>ഖണ്ഡിക നമ്പർ 58</u>

### ശിപാർശ

2.3.1 വിവിധ മരാമത്ത് പ്രവൃത്തികൾക്ക് എഞ്ചിനീയറുടെ മൂല്യനിർണ്ണയപ്രകാരമുള്ള അന്തിമ ബില്ലിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി 1,35,918 രൂപ അധികരിച്ച് നൽകിയതായി സമിതി നിരീക്ഷിച്ചു. ആയതിന് ഉത്തരവാദിയായ സെക്രട്ടറി സമിതി മുമ്പാകെ ഹാജരായെങ്കിലും അധികരിച്ച് തുക നൽകിയതിന് ന്യായീകരണം ബോധിപ്പിക്കാൻ കഴിഞ്ഞില്ല. മേൽ സാഹചര്യത്തിൽ അധികം നൽകിയ തുക പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും റവന്യൂ റിക്കവറി നടപടി മുഖേന തിരിച്ചു പിടിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ സമിതി നിർദ്ദേശ പ്രകാരം നടപടി സ്വീകരിച്ചതു സംബന്ധിച്ച് യാതൊരു മറുപടിയും സർക്കാരിൽ നിന്നും നാളിതു

വരെ ലഭിച്ചിട്ടില്ല. ഇത് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വിലയിരുത്തുകയും കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. സമിതി ആവശ്യപ്പെടുന്ന രേഖകളും അധിക വിവരങ്ങളും യഥാസമയം ലഭ്യമാക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.3.2 മൂല്യനിർണ്ണയ തുകയിലും അധികരിച്ച് 6 പ്രവൃത്തികൾക്ക് അധികം നൽകിയ 1,35,918 രൂപയും പലിശയും റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിന് ബഹു. ആലപ്പുഴ ജില്ലാ കളക്ടർക്ക് 23-1-2012-ന് അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മുൻ സെക്രട്ടറി ശ്രീ. ഇ. എം. തോമസ്, കായൽപ്പുര വീട്, ആറ്റുവാത്തല, കൈനകരി. പി. ഒ., ആലപ്പുഴ എന്നവരിൽ നിന്നും 18,900 രൂപ റവന്യൂ റിക്കവറി മുഖേന ഈടാക്കി 7-10-2013-ലെ 235021 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം പഞ്ചായത്തിൽ അടവാക്കിച്ചിട്ടുണ്ട്.

റവന്യൂ റിക്കവറിക്കെതിരെ സെക്രട്ടറിയെ 2-ാം കക്ഷിയാക്കി ശ്രീ. ഇ. എം. തോമസ് ബഹു. കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി)8951/14 നമ്പർ പ്രകാരം 26-3-2014-ന് കേസ് ഫയൽ ചെയ്യുകയും 31-3-2014-ലെ ഡബ്ല്യൂ.പി.(സി)2014 (ടി) ഉത്തരവ് പ്രകാരം തുടർ നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തിരുന്നു. ആയതിനെതിരെ എതിർ സത്യവാങ്മൂലം 29-11-2014-ന ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസിന്മേൽ കോടതി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. കേസിൽ തീർപ്പു കല്പിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.3.3 ശ്രീ. ഇ. എം. തോമസ്, കായൽപ്പുര വീട്, ആറ്റുവാത്തല, കൈനകരി പി. ഒ., ആലപ്പുഴ എന്നവരിൽ നിന്നും 18,900 രൂപ റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറിക്കെതിരെ ശ്രീ. ഇ. എം. തോമസ് ബഹു. കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി)8951/14 കേസ് ഫയൽ ചെയ്യുകയും ടി കേസിലെ ഉത്തരവു പ്രകാരം തുടർനടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തു. ഇതു സംബന്ധിച്ച എതിർ സത്യവാങ്മൂലം 29-11-2014-ന് ഗ്രാമപഞ്ചായത്ത് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് ബഹു. ഹൈക്കോടതി പരിഗണനയ്ക്കെടുത്തിട്ടില്ലെന്ന വിവരവും ബഹു. സമിതിയെ അറിയിക്കുന്നു.

ഖണ്ഡികനമ്പർ 59

**ശിപാർശ**

2.3.4 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ മറുപടിയിൽ, അധികം നൽകിയ 1,36,098 രൂപ പലിശ സഹിതം ഈടാക്കാൻ ജില്ലാ കളക്ടർക്ക് ശിപാർശ നൽകിയതായി പറഞ്ഞിട്ടുണ്ടെങ്കിലും ജില്ലാ കളക്ടറേറ്റിൽ നിന്നും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റവന്യൂ റിക്കവറി ത്വരിതപ്പെടുത്തുവാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.3.5 മൂല്യ നിർണ്ണയ തുകയിലും അധികരിച്ച് 6 പ്രവർത്തികൾക്ക് അധികം നൽകിയ 1,35,918 രൂപയും പലിശയും റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിന് ബഹു. ആലപ്പുഴ ജില്ലാ കളക്ടർക്ക് 23-1-2012-ന് അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മുൻ സെക്രട്ടറി ശ്രീ. ഇ. എം. തോമസ്, കായൽപ്പുര വീട്, ആറ്റുവാത്തല, കൈനകരി പി. ഒ., ആലപ്പുഴ എന്നവരിൽ നിന്നും 18,900 രൂപ റവന്യൂ റിക്കവറി മുഖേന ഈടാക്കി 7-10-2013-ലെ 235021 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം പഞ്ചായത്തിൽ അടവാക്കിച്ചിട്ടുണ്ട്.

റവന്യൂ റിക്കവറിക്കെതിരെ സെക്രട്ടറിയെ 2-ാം കക്ഷിയാക്കി ശ്രീ. ഇ. എം. തോമസ് ബഹു. കേരള ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി)8951/14 നമ്പർ പ്രകാരം 26-3-2014-ന് കേസ് ഫയൽ ചെയ്യുകയും 31-3-2014-ലെ ഡബ്ല്യു.പി.(സി)2014 (ടി) ഉത്തരവ് പ്രകാരം തുടർ നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തിരുന്നു. ആയതിനെതിരെ എതിർ സത്യവാങ്മൂലം 29-11-2014-ന ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസിന്മേൽ കോടതി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. കേസിൽ തീർപ്പ് കല്പിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.3.6 മുൻ സെക്രട്ടറി ശ്രീ. ഇ. എം. തോമസ്, കായൽപ്പുര വീട്, ആറ്റുവാത്തല, കൈനകരി പി. ഒ., ആലപ്പുഴ എന്നവരിൽ നിന്നും 18,900 രൂപ റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറിക്കെതിരെ ശ്രീ. ഇ. എം. തോമസ് ബഹു. കേരള ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി)8951/14 നമ്പറായി കേസ് ഫയൽ ചെയ്യുകയും ടി കേസിലെ ഉത്തരവു പ്രകാരം തുടർ നടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തു. ഇത് സംബന്ധിച്ച എതിർ സത്യവാങ്മൂലം 29-11-2014-ന് ഗ്രാമപഞ്ചായത്ത് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് ബഹു. ഹൈക്കോടതി പരിഗണനക്കെടുത്തിട്ടില്ലെന്ന വിവരവും ബഹു. സമിതിയെ അറിയിക്കുന്നു.

**ഇടൾ ശിപാർശ**

**2.3.7 ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസ് നടപടികൾ ത്വരിതപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 82, 83;84</u>

<u>ഖണ്ഡിക നമ്പർ 82, 83</u>

**ശിപാർശ**

2.4.1 മരാമത്ത് ചട്ടങ്ങൾ പാലിക്കാതെ പഞ്ചായത്ത് നടപ്പിലാക്കിയ മൂന്ന് റോഡ് പുരോഗതി വേലകളിലായി 75,671 രൂപയുടെ അധികചെലവുണ്ടായതുമായി ബന്ധപ്പെട്ട ഉത്തരവുകൾ പരിശോധിച്ച് നടപ്പാക്കുന്നതിൽ വന്ന വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. പരാമർശവിധേയമായ സംഗതിയിൽ പൊതുമരാമത്ത് ചട്ടങ്ങളിലെ നിരക്ക് കണക്കാക്കിയതിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ സാങ്കേതികാനുമതി നൽകിയ ബി.എൽ.ടി.സി.യുടെ ചെയർമാൻ വരെയുള്ള സാങ്കേതിക വിദഗ്ധരുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയാണുണ്ടായിരിക്കുന്നതെന്നും സമിതി വിലയിരുത്തുന്നു.

2.4.2 പൊതുമരാമത്ത് ചട്ടങ്ങളും നിരക്കുകളും വ്യക്തമായി മനസ്സിലാക്കി വേണം എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തിക്കേണ്ടതെന്നും ചട്ടങ്ങളിലുണ്ടാകുന്ന ഭേദഗതികൾ തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്നതിലേയ്ക്ക് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടത് അനിവാര്യമാണെന്നും സമിതി വിലയിരുത്തുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.4.3 റോഡ് പ്രവൃത്തികളുണ്ടായ അധിക ചെലവ് ഉദ്യോഗസ്ഥർ, ബി.എൽ. ടി. സി. ചെയർമാൻ, അംഗങ്ങൾ എന്നിവരിൽ നിന്നും ഈടാക്കുന്നതിന് വേണ്ടി ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പും തുക അടവാക്കുന്നതിനുള്ള നിർദ്ദേശവും ചെയർമാൻ ശ്രീ. ഗോപാലകൃഷ്ണൻ, അംഗങ്ങളായ ശ്രീ. എ. എം.കാർത്തികേയൻ, ശ്രീ. എഫ്. അലോഷ്യസ്, പ്രവൃത്തി ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. മായിൻ ഇഫ്ത്തിക്കാറുദ്ദീൻ എന്നിവർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും ചെയർമാൻ ശ്രീ. ഗോപാലകൃഷ്ണൻ മാത്രമാണ് ഇതിന് വിശദീകരണം നൽകിയിട്ടുള്ളത്.

സമിതി നിർദ്ദേശ പ്രകാരം 71,221 രൂപ ഈടാക്കുന്നതിന് ചെയർമാൻ ശ്രീ. ഗോപാലകൃഷ്ണൻ, ശ്രീ. എഫ്. അലോഷ്യസ്, അസിസ്റ്റന്റ് എഞ്ചിനീയർ, നിലമ്പൂർ എന്നിവരിൽ നിന്നും 17,805 രൂപ വീതവും ശ്രീ. മായിൻ ഇഫ്ത്തിക്കാറുദ്ദീൻ, മുത്തുമഹൽ

എന്നയാളിൽ നിന്നും അടവാക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകി. ശ്രീ. എഫ്. അലോഷ്യസ് മരണപ്പെട്ടതായും ശ്രീ. ഗോപാലകൃഷ്ണൻ ഡബ്ല്യു.പി.(സി) 7848/14 പ്രകാരം കേസ് ഫയൽ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. കേരള ഹൈക്കോടതി ശ്രീ. ഗോപാലകൃഷ്ണനെതിരെയുള്ള റവന്യൂ റിക്കവറി സ്റ്റേ ചെയ്തിട്ടുണ്ട്.

ശ്രീ. കാർത്തികേയൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ടയേർഡ്) ശ്രീ. മായിൻ ഇഫ്ത്തിക്കാറുദ്ദീൻ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്കെതിരെ ആർ.ആർ. നടപടി സ്വീകരിച്ചുവരുന്നു എന്നുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.4.4 സമിതി നിർദ്ദേശ പ്രകാരം 71,221 രൂപ ഈടാക്കുന്നതിന് ഉദ്യോഗസ്ഥർ, ബി.എൽ.ടി.സി. ചെയർമാൻ, അംഗങ്ങൾ എന്നിവരോട് 17,805 രൂപ വീതം തിരിച്ചടയ്ക്കുന്നതിന് കാളികാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-1-2013-ലെ എ 1-1984/2011 നമ്പർ കത്തിൽ നിർദ്ദേശിച്ചിരുന്നു. തുക തിരിച്ചടവാക്കിയിട്ടില്ലാത്തതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറി ജില്ലാ കളക്ടർക്ക് ശിപാർശ അയച്ചിരുന്നു. സെക്രട്ടറിയുടെ പ്രസ്തുത നടപടിക്കെതിരെ,

(1) ബി.എൽ.ടി.സി. ചെയർമാൻ കേരള ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി) 7748/2013(P) നമ്പറായി കേസ് ഫയൽ ചെയ്യുകയും റവന്യൂ റിക്കവറി നടപടിയിലൂടെ തുക ഈടാക്കുന്നത് നിർത്തിവയ്ക്കാൻ 20-3-2013-ൽ കോടതി ഇടക്കാല ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കേസിൽ കോടതിയുടെ അന്തിമ തീർപ്പ് പുറപ്പെടുവിച്ചതായി വിവരം ലഭ്യമാക്കിയിട്ടില്ലെന്ന് അറിയിക്കുന്നു.

(2) ശ്രീ. എഫ്. അലോഷ്യസ് മരണപ്പെട്ടു.

(3) ശ്രീ. കാർത്തികേയനെതിരെ 29-4-2014-ലെ RR/2014/1505/10 പ്രകാരം റവന്യൂ വകുപ്പ് ആർ. ആർ. നടപടി സ്വീകരിച്ചിട്ടുണ്ട്. തുക തിരിച്ചടവാക്കിയിട്ടില്ല.

(4) ശ്രീ. മായിൻ ഇഫ്ത്തിക്കാറുദ്ദീനെതിരെ സ്വീകരിച്ച ആർ. ആർ. നടപടിയിലൂടെ 17,805 രൂപ ഈടാക്കുകയും ഗ്രാമപഞ്ചായത്ത് ഫണ്ടിൽ 8-8-2014-ന് അടവാക്കുകയും ചെയ്തിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 84</u>

**ശിപാർശ**

2.4.5 മാളിയേക്കൽ-ഹെൽത്ത് സെന്റർ റോഡ് പണിയിലെ ഗുണഭോക്തൃവിഹിതമായ 4,450 രൂപ ബന്ധപ്പെട്ട സെക്രട്ടറി തിരിച്ചടച്ചിട്ടുള്ളതിനാൽ പരാമർശത്തിലെ പ്രസ്തുത

തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. എന്നാൽ, അധികം നല്കിയ തുകയിൽ ഇനിയും ലഭിക്കുവാനുള്ള 71,221 രൂപ, ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബി. എൽ. ടി. സി. യുടെ ചെയർമാൻ എന്നവരിൽ നിന്നും തുല്യമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.4.6 സമിതി നിർദ്ദേശപ്രകാരം 71,221 രൂപ ഈടാക്കുന്നതിന് ചെയർമാൻ ശ്രീ. ഗോപാലകൃഷ്ണൻ, ശ്രീ. എഫ്. അലോഷ്യസ്, അസിസ്റ്റന്റ് എഞ്ചിനീയർ, നിലമ്പൂർ എന്നിവരിൽ നിന്നും 17,805 രൂപ വീതവും ശ്രീ. മായിൻ ഇഫ്ത്തിക്കാറുദ്ദീൻ, മുത്തുമഹൽ എന്നിവരിൽ നിന്നും അടവാക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകി. ശ്രീ. അലോഷ്യസ് മരണപ്പെട്ടതായും ശ്രീ. ഗോപാലകൃഷ്ണൻ ഡബ്ല്യൂ.പി.(സി) 7848/14 പ്രകാരം കേസ് ഫയൽ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. കേരള ഹൈക്കോടതി ശ്രീ. ഗോപാലകൃഷ്ണനെതിരെയുള്ള റവന്യൂ റിക്കവറി സ്റ്റേ ചെയ്തിട്ടുണ്ട്. ശ്രീ. കാർത്തികേയൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ടയേർഡ്) ശ്രീ. മായിൻ ഇഫ്ത്തിക്കാറുദ്ദീൻ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്കെതിരെ ആർ. ആർ. നടപടി സ്വീകരിച്ചുവരുന്നതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.4.7 മാളിയേക്കൽ ഹെൽത്ത് സെന്റർ റോഡ് പണിയിലെ ഗുണഭോക്തൃ വിഹിതമായ 4,450 രൂപ ബന്ധപ്പെട്ട സെക്രട്ടറി തിരിച്ചടച്ചിട്ടുള്ളതിനാൽ ബഹു. സമിതിയുടെ നിർദ്ദേശമനുസരിച്ച് ഗുണഭോക്തൃ വിഹിതം സംബന്ധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കിയതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട് (ലെറ്റർ നമ്പർ കെ.എസ്.എ.എം.പി.എം.19/2210/2016, തീയതി 5-10-2016). സമിതി നിർദ്ദേശപ്രകാരം 71,221 രൂപ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതിനാൽ പ്രസ്തുത നടപടിക്കെതിരെ ബി.എൽ.റ്റി.സി. ചെയർമാൻ ശ്രീ. ഗോപാലകൃഷ്ണൻ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും റവന്യൂ റിക്കവറി നടപടിയിലൂടെ തുക ഈടാക്കുന്നത് നിർത്തിവയ്ക്കാൻ കോടതി ഇടക്കാല ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കേസിൽ അന്തിമ വിധി പുറപ്പെടുവിച്ചതായി വിവരം ലഭ്യമാക്കിയിട്ടില്ല. ശ്രീ. എഫ്. അലോഷ്യസ് മരണപ്പെടുകയും ശ്രീ. കാർത്തികേയനെതിരെ ആർ.ആർ. നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. ശ്രീ. മായിൻ ഇഫ്ത്തിക്കാറുദ്ദീനിൽ നിന്നും ആർ.ആർ.. നടപടിയിലൂടെ 17,805 രൂപ ഈടാക്കി 8-8-2014-ന് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്നും അറിയിക്കുന്നു.

**തുടർ ശിപാർശ**

**2.4.8 ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസ് നടപടികൾ ത്വരിതപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 109, 110</u>

<u>ഖണ്ഡിക നമ്പർ 109</u>

**ശിപാർശ**

2.5.1 ബണ്ട് കെട്ടി വെള്ളം നിറച്ച് ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച പദ്ധതിക്ക വേണ്ട സാങ്കേതിക സഹായം നൽകേണ്ട ഫിഷറീസ് ഉദ്യോഗസ്ഥർ പദ്ധതി പ്രദേശത്ത് സന്ദർശനം നടത്തിയിട്ടും ചെമ്മീൻ കുഞ്ഞുങ്ങളെ ബണ്ടിനകത്തുള്ള ക്ഷുദ്രജീവികൾ ഭക്ഷണമാക്കുമെന്ന കാര്യം ബന്ധപ്പെട്ടവരെ അറിയിക്കുകയോ ക്ഷുദ്രജീവികളെ നശിപ്പിക്കു ന്നതിനുള്ള അനുമതി നൽകുകയോ ചെയ്യാതിരുന്നത് തികഞ്ഞ കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.5.2 പരപ്പനങ്ങാടി ഫിഷറീസ് ഇൻസ്പെക്ടർക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ കത്തിനു 16-6-2014-നു ലഭിച്ച മറുപടി തൃപ്തികരമല്ലാതിരുന്നതിനാൽ വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ട് 25-6-2014-നു വീണ്ടും കത്ത് നൽകിയെങ്കിലും പദ്ധതി നടപ്പാക്കിയ കാലത്തെ 2 ജീവനക്കാരുടെ പേരുകൾ മാത്രമാണ് 10-7-2014-ന് ലഭ്യമാക്കിയത്. വിശദീകരണം ലഭ്യമാക്കാൻ വീണ്ടും കത്ത് നൽകിയിട്ടുണ്ട്.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.5.3 പരപ്പനങ്ങാടി ഫിഷറീസ് ഇൻസ്പെക്ടർക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് കത്ത് നൽകിയിട്ടുണ്ടെന്ന് 30-8-2016-ന് എ 2-7574/2016 നമ്പർ കത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 110</u>

**ശിപാർശ**

2.5.4 ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനു മുൻപ് ആയത് ഫലപ്രാപ്തി യിലെത്തിക്കാൻ സാധിക്കുമോ എന്നത് പരിശോധിക്കാത്തതാണ് പദ്ധതി പരാജയ പ്പെടാൻ കാരണമെന്ന് സമിതി നിരീക്ഷിച്ചു.

**സർക്കാർ സ്വീകരിച്ച നടപടി**

2.5.5 പ്രാദേശികമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതി ഏറ്റെടുത്തത്. വിദഗ്ദ്ധ ഏജൻസികൾ മുഖേന സാധ്യതാ പഠനം നടത്തിയിരുന്നില്ല.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.5.6 പദ്ധതി ഏറ്റെടുക്കുന്നതിന് മുൻപ് സാധ്യതാപഠനം നടത്തിയിരുന്നില്ല.

**ഇടർ ശിപാർശ**

**2.5.7 ക്ഷുദ്ര ജീവികളുടെയോ ആഫ്രിക്കൻമുഷി/മുതലയുടെയോ സാന്നിദ്ധ്യമുണ്ടോ എന്ന് പരിശോധിച്ചശേഷം മാത്രമേ മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ അനുവാദം നൽകാൻ പാടുള്ളുവെന്നും സമിതി വിലയിരുത്തുന്നു. ശരിയായ പരിശോധനയും വിദഗ്ദ്ധ പഠനവും നടത്തിയതിനു ശേഷം മാത്രമേ മത്സ്യകൃഷി പോലുള്ള പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളുവെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഖണ്ഡിക നമ്പർ 111</u>

**ശിപാർശ**

2.6.1 പദ്ധതിക്കായി വാങ്ങിയ പഞ്ചായത്തിന്റെ കൈവശമുള്ള ഫൈബർ ബോട്ട് പമ്പ്, മോട്ടോർ എന്നിവ ലേലം ചെയ്യുകയും അന്തിമബിൽ തയ്യാറാക്കുകയും ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ തെളിവെടുപ്പുവേളയിൽ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സമിതി നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥരുടെ നടപടിയിൽ സമിതി ശക്തമായി അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം ടി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും ആവശ്യപ്പെടുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.6.2 പദ്ധതിക്കായി വാങ്ങിയ പഞ്ചായത്തിന്റെ കൈവശമുള്ള ഫൈബർ ബോട്ട്, പമ്പ്, മോട്ടോർ എന്നിവ ലേലം ചെയ്യുന്നതിന് 17-6-2013-ലെ 1-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് തീരുമാനമെടുക്കുകയും വാല്വേഷൻ ആവശ്യപ്പെട്ട് മെക്കാനിക്കൽ എഞ്ചിനീയർക്ക് 30-5-2014-ന് പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ലേല നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ നാളിതുവരെ വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചു. പലതവണ ഫോൺ മുഖേന ബന്ധപ്പെടുകയും 8-1-2016-ന് വീണ്ടും കത്ത് നൽകുകയും ചെയ്തിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചതായി ബോധിപ്പിക്കുന്നു.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.6.3 പദ്ധതിക്കായി വാങ്ങിയ പഞ്ചായത്തിന്റെ കൈവശമുള്ള ഫൈബർ ബോട്ട്, പമ്പ്, മോട്ടോർ എന്നിവ 5-5-2011-ന് ചേർന്ന സബ്കമ്മിറ്റിയുടെ ശിപാർശ പ്രകാരം ലേലം ചെയ്യുന്നതിന് 17-6-2013-ന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. (തീരുമാനം നമ്പർ-1) വാല്വേഷൻ ലഭ്യമാക്കുന്നതിന് 25-6-2013-നും തുടർന്ന് 30-5-2014-നും മെക്കാനിക്കൽ എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്ന് 30-8-2016-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തതിനാൽ ടി സാമഗ്രികൾ ലേലം ചെയ്യാൻ സാധിച്ചിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**തുടർ ശിപാർശ**

**2.6.4 ലേല നടപടികൾ ത്വരിതപ്പെടുത്തുവാനും നടപടി ക്രമം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഓതറൈസ്ഡ് കമ്പനികളുമായി ബന്ധപ്പെട്ട് വാല്യുവേഷൻ കൊടുക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ ലേല നടപടികൾ സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 118, 119</u>

<u>ഖണ്ഡിക നമ്പർ 118</u>

**ശിപാർശ**

2.7.1 ഗ്രാമപഞ്ചായത്ത് ലീസിനു നൽകിയ സ്ഥലം കണ്ടൽ വനമായി സർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ ലീസ് പുതുക്കി നൽകാനോ നേരത്തെയുള്ള ലീസ് ഉടമ്പടി പ്രകാരം ഹെക്ടർ കണക്കിനുള്ള പ്രസ്തുത ഭൂമി കൈവശപ്പെടുത്തിയിരിക്കുന്ന സ്വകാര്യ വ്യക്തികൾക്ക് വസ്തുവിൽ താമസിക്കാനോ ആദായമെടുക്കാനോ നിയമപ്രകാരം സാധ്യമല്ല എന്ന് സമിതി നിരീക്ഷിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.7.2 കമ്മ്യൂണിറ്റി റിസർവ്, കണ്ടൽക്കാട് എന്നിവയ്ക്ക് ഏറ്റെടുത്ത ഭൂമിയുടെ ബൗണ്ടറി തിട്ടപ്പെടുത്തിയ ശേഷം തുടർനടപടികൾ സ്വീകരിക്കാനായി 21-4-2014-ന് ബഹു. ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ടി അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് തിരൂരങ്ങാടി അഡീഷണൽ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുള്ളതായി അറിയിച്ച് ജില്ലാ കളക്ടർ 21-6-2014-ന് പഞ്ചായത്തിന് മറുപടി നൽകിയിട്ടുണ്ട്. നിലവിൽ ടി ഭൂമിയിലുള്ള ലീസ് പുതുക്കി നൽകുന്നില്ല.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.7.3 കമ്മ്യൂണിറ്റി റിസർവ്, കണ്ടൽക്കാട് എന്നിവയ്ക്ക് ഏറ്റെടുത്ത ഭൂമിയുടെ ബൗണ്ടറി തിട്ടപ്പെടുത്തിയതിന് ശേഷം തുടർ നടപടി സ്വീകരിക്കാൻ മലപ്പുറം ജില്ലാ കളക്ടർക്ക് 21-4-2014-ന് അപേക്ഷ നൽകിയിരുന്നു. ടി അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് തിരൂരങ്ങാടി അഡീഷണൽ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുള്ളതായി ജില്ലാ കളക്ടർ 21-6-2014-ന് ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുള്ള വിവരം 30-8-2016-ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിലവിൽ ടി ഭൂമിയിലുള്ള ലീസ് പുതുക്കി നൽകുന്നില്ലെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 119</u>

**ശിപാർശ**

2.7.4 വള്ളിക്കുന്ന്, കടലുണ്ടി എന്നീ രണ്ടു പഞ്ചായത്തുകളുടെയും വസ്തു ഉൾപ്പെട്ട സ്ഥലമായതിനാൽ ലീസ്, അതിർത്തി നിർണ്ണയം, ഭൂമിയിൽ നിന്നുള്ള വരുമാനം എന്നിവ സംബന്ധിച്ച് രണ്ടു പഞ്ചായത്തുകളും സംയുക്തമായി തീരുമാനമെടുക്കണമെന്നും ഭൂമി സംബന്ധിച്ച് സർക്കാരിൽ നിന്ന് ക്ലിയറൻസ് വാങ്ങി റിപ്പോർട്ട് സമർപ്പിക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിനോട് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും നടപടി സ്വീകരിച്ചത് സംബന്ധിച്ച് യാതൊരു റിപ്പോർട്ടും സർക്കാരിൽ നിന്ന് ലഭിക്കുകയുണ്ടായില്ല. സമിതി നിർദ്ദേശം പാലിക്കാത്ത സർക്കാരിന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ടി നടപടികൾ സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.7.5 കമ്മ്യൂണിറ്റി റിസർവ്, കണ്ടൽക്കാട് എന്നിവയ്ക്ക് ഏറ്റെടുത്ത ഭൂമിയുടെ ബൗണ്ടറി തിട്ടപ്പെടുത്തിയതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കാനായി 21-4-2014-ന് ബഹു. ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ടി അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് തിരൂരങ്ങാടി അഡീഷണൽ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുള്ളതായി അറിയിച്ച് ജില്ലാ കളക്ടർ 21-6-2014-ന് പഞ്ചായത്തിന് മറുപടി നൽകിയിട്ടുണ്ട്. സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് ലഭിച്ചതിനു ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.7.6 സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് ലഭിച്ചതിനു ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് 30-8-2016-ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**തുടർ ശിപാർശ**

**2.7.7 കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 126

**ശിപാർശ**

2.8.1 വെള്ളയിൽ ചാരിറ്റബിൾ സൊസൈറ്റിയിൽ നിന്നും 20 ഫൈബർ വള്ളങ്ങൾ വാങ്ങി ഗുണഭോക്താക്കൾക്ക് നല്കിയതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ അടിയന്തരമായി കണ്ടെടുത്ത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഇത് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വീക്ഷിക്കുന്നു. ആയതിനാൽ സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുന്നതോടൊപ്പം ആയത് സമിതി നിർദ്ദേശപ്രകാരം യഥാസമയം നല്കാത്തതിനുള്ള കാരണംകൂടി അറിയിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.8.2 12 ഫൈബർ വള്ളങ്ങൾ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രശീത് ഓഫീസിൽ ലഭ്യമാണ്. ആയത് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം 9-5-2014-ന് പ്രാദേശിക പരിശോധന നടത്തിയിട്ടുണ്ട്. ബാക്കി 8 ഫൈബർ വള്ളങ്ങൾ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രശീതും ഗുണഭോക്തൃ ലിസ്റ്റും അംഗീകരിച്ചതിന്റെ മിനിട്സും ഓഫീസിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ജീവനക്കാരുടെ കുറവുമൂലവും ജോലിഭാരവും കാരണം യഥാസമയം റിപ്പോർട്ട് നൽകാൻ കഴിഞ്ഞില്ല എന്നും അത് മാപ്പാക്കണമെന്നും അന്നത്തെ സെക്രട്ടറി മോഹനൻപിള്ള മറുപടി നൽകിയിട്ടുള്ളതായി ഇപ്പോഴത്തെ സെക്രട്ടറി അറിയിച്ചു എന്നുള്ള വിവരം ബോധിപ്പിക്കുന്നു.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.8.3 12 ഗുണഭോക്താക്കൾ വള്ളം കൈപ്പറ്റിയതായി കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടുണ്ട്. ബാക്കി 8 വള്ളങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചതായുള്ള മിനിട്സ്, വള്ളം വാങ്ങിയതിന്റെ ഇൻവോയ്സ്, ഗുണഭോക്തൃ വിഹിതം അടവാക്കിയ വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**തുടർ ശിപാർശ**

**2.8.4 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എതിരെ നിയമ നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 142, 143</u>

**ശിപാർശ**

2.9.1 പട്ടികജാതി വനിതാ പേപ്പർ വർക്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം ലിമിറ്റഡ് എന്ന പേരിൽ വ്യവസായ പദ്ധതിക്ക് രൂപം കൊടുത്തിട്ട് പ്രവർത്തനക്ഷമമാക്കാൻ പറ്റാത്തത് ആസൂത്രണത്തിലെ പിഴവ് മൂലമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പേപ്പർ വർക്സ് പോലുള്ള വ്യവസായ പദ്ധതിക്ക് അവശ്യം വേണ്ട അടിസ്ഥാന സൗകര്യമാണ് വൈദ്യുതി. വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതിനു മുൻപുതന്നെ മുൻകൂർ നൽകി മെഷിനറി വാങ്ങിയതിൽ അപാകത സംഭവിച്ചതായി സമിതി വിലയിരുത്തുന്നു. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയിൽ വച്ച് പദ്ധതിക്കുവേണ്ടി വാങ്ങിയ യന്ത്രസാമഗ്രികൾ പ്രവർത്തനക്ഷമമാക്കി യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന്മേൽ യാതൊരു റിപ്പോർട്ടും സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. പദ്ധതി വിഭാവനം ചെയ്ത വ്യവസായ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പകരം ഓഡിറ്റ് തടസ്സം സംബന്ധിച്ച് പഠിക്കുവാൻ ഒരു സമിതിയെ പഞ്ചായത്ത് ഭരണസമിതി രൂപീകരിച്ചതായും ടി സമിതി 27-4-2011 വരെയും യാതൊരു റിപ്പോർട്ടും നൽകിയിട്ടില്ല എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും മനസ്സിലാകുന്നു.

2.9.2 പട്ടികജാതി വനിതകൾക്ക് ഉപകാരപ്രദമാകുമായിരുന്ന ഈ സംരംഭം കാലവിളംബം കൂടാതെ നടപ്പിലാക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമായിരുന്നു. ഓഡിറ്റ് പരാമർശവും സമിതിയുടെ നിർദ്ദേശവും ഉണ്ടായിട്ടും പദ്ധതി പ്രാവർത്തികമാക്കുവാൻ നടപടി സ്വീകരിക്കാത്ത ഗ്രാമപഞ്ചായത്തിന്റെ സമീപനത്തെ സമിതി അപലപിക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.9.3 വൈദ്യുതി കണക്ഷൻ താമസം കൂടാതെ ലഭിക്കുമെന്ന പ്രതീക്ഷയിൽ പദ്ധതി തുക ലാപ്സാവാതിരിക്കുന്നതിനു വേണ്ടിയാണ് മെഷിനറികൾ ആദ്യം വാങ്ങിയത്. പ്രവർത്തനക്ഷമമാക്കിയപ്പോഴേക്കും സംഘത്തിലുണ്ടായിരുന്ന വനിതകൾ പലരും

വിവാഹം ചെയ്തും മറ്റും പോയതോടെ പ്രസ്തുത സ്ഥാപനം പ്രവർത്തനം നിലയ്ക്കുകയാണുണ്ടായത്. ഇപ്പോഴത്തെ നൂതന സാങ്കേതിക വിദ്യകളോട് മത്സരിച്ച് നിൽക്കാൻ പ്രസ്തുത യന്ത്ര സാമഗ്രികൾക്ക് സാധ്യമല്ലെന്നിരിക്കെ കൂടുതൽ മൂലധന നിക്ഷേപം വേണ്ട സാഹചര്യമാണുള്ളത്. ആയതിന് പഞ്ചായത്തിന് സാധ്യമല്ല. ഇപ്പോൾ പ്രസ്തുത യന്ത്ര സാമഗ്രികൾ പട്ടികജാതി ഹോളോബ്രിക്സ് സഹകരണ സംഘത്തിന്റെ കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. യന്ത്രസാമഗ്രികൾ ഇപ്പോൾ പ്രവർത്തനക്ഷമമല്ല എന്നും ബോധിപ്പിക്കുന്നു.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.9.4 വനിതാ വ്യവസായ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനോ യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനോ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രസ്തുത യന്ത്രസാമഗ്രികൾ പട്ടികജാതി ഹോളോബ്രിക്സ് സഹകരണ സംഘത്തിന്റെ കെട്ടിടത്തിൽ കിടന്ന് തുരുമ്പെടുത്ത് നശിക്കുന്ന അവസ്ഥയിലാണുള്ളതെന്നും അറിയിക്കുന്നു.

**തുടർ ശിപാർശ**

**2.9.5 ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള യന്ത്രസാമഗ്രികൾ ലേലം ചെയ്ത് വിൽക്കുന്നതിനും നഷ്ടത്തുക ഈടാക്കുന്നതിനും നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 179, 180</u>

**ശിപാർശ**

2.10.1 വിവിധ ക്ഷേമപെൻഷനുകളുടെ വിതരണത്തിനായി നിർവ്വഹണോദ്യോഗസ്ഥ സെൽഫ് ചെക്കെഴുതി 1,36,859 രൂപ പിൻവലിച്ചതുമായി ബന്ധപ്പെട്ട്, സുപ്രധാന രേഖകളായ പെൻഷൻകാരുടെ പട്ടിക, മണി ഓർഡർ രശീത്, മണി ഓർഡർ കൈപ്പറ്റ് രശീത് തുടങ്ങിയവയാണ് ഓഡിറ്റിനു ഹാജരാക്കാതെയിരുന്നത്.

2.10.2 ഓഡിറ്റിന്റെ പരാമർശവിധേയമായ തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടിക്കെതിരെ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥ ബഹു. കോടതിയിൽ ഫയൽ ചെയ്ത കേസിൽ നാലു മാസത്തെ സ്റ്റേ അനുവദിച്ചതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത സ്റ്റേ നീക്കം ചെയ്ത് ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുവാനുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും യഥാസമയം ഉണ്ടായതായി കാണുന്നില്ല. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. ആയതിനാൽ കേസുമായി ബന്ധപ്പെട്ട് സ്റ്റേ കാലാവധിക്കു ശേഷം കേസ് തീർപ്പാക്കുവാൻ സ്വീകരിച്ച നടപടി, കേസിന്റെ നിലവിലെ സ്ഥിതി, റവന്യൂ റിക്കവറി മുഖേന തുക തിരികെ ഈടാക്കിയത് എന്നിവ സംബന്ധിച്ച സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.